2017 ജനുവരി മാസത്തിലെ വകുപ്പുതല പരീക്ഷകൾ 30.01.2017 മുതൽ 17.02.2017 വരെ നടത്തുന്നതാണ്. സാധുവായ അപേക്ഷ സമർപ്പിച്ചിട്ടുള്ള പരീക്ഷാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ്, നിർദ്ദേശങ്ങൾ എന്നിവ സ്വന്തം പ്രൊഫൈൽ വഴി ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. നിലവിലുണ്ടായിരുന്ന Identification Certificate സമ്പ്രദായം നിറുത്തലാക്കുകയും അഡ്മിഷൻ ടിക്കറ്റിൽ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ട സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തി പരിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. യഥാവിധി സാക്ഷ്യപ്പെടുത്താത്ത അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കുന്നവരുടെ പരീക്ഷാ പേപ്പറുകൾ അസാധുവാക്കുന്നതാണ്. Account Test KSR (Lower), KSR (Higher), Excise Test Part A I and II Papers, Excise Test Part B Criminal Law, Executive Officers Test Paper II KSR എന്നീ പരീക്ഷകൾക്ക് രണ്ട് മണിക്കൂറും (രാവിലെ 7 മുതൽ 9 മണി വരെ) മറ്റു ഒ.എം.ആർ പരീക്ഷകൾക്ക് ഒന്നര മണിക്കൂറും (രാവിലെ 7 മുതൽ 8.30 വരെ) ആയിരിക്കും സമയക്രമം. പരീക്ഷാർത്ഥികൾ അഡ്മിഷൻ ടിക്കറ്റുമായി പരീക്ഷ തുടങ്ങുന്നതിന് അര മണിക്കൂർ മുമ്പ് പരീക്ഷാ ഹാളിൽ ഹാജരാകേണ്ടതും, അഡ്മിഷൻ ടിക്കറ്റ് പ രിശോധനക്കായി നൽകി തിരികെ കൈപ്പറ്റേണ്ടതുമാണ്. (പരീക്ഷാഹാളിൽ ഹാജരാകേണ്ട സമയം: രാവിലെ 6.30). പരീക്ഷാ ഹാളിൽ റഫറൻസിനായി ഉപയോഗിക്കാവുന്ന പുസ്തകങ്ങൾ (ഗവൺമെന്റ് പ്രസിദ്ധീകരണങ്ങൾ ഒഴികെ) സംബന്ധിച്ച വിവരം ലഭിക്കുന്നതിനായി KPSC യുടെ Official Website പ്രസിദ്ധീകരിച്ചിട്ടുള്ള Time Table Notification പരിശോധിക്കേണ്ടതാണ്.